ഭരണഭാഷ-മാതൃഭാഷ

**മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**മൃഗസംരക്ഷണ വകുപ്പ് - ഡയറക്ടറേറ്റ് - വികാസ് ഭവൻ,**

**തിരുവനന്തപുരം**

**(ഹാജർ : ഡോ. സിന്ധു കെ)**

മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ് - ജീവനകാര്യം - സീനിയർ ക്ലാർക്ക് തസ്തികയിലെ ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | |
|---|---|
| നമ്പർ : എ.എച്ച്.ഡി/4299/2025-കെ3 | തീയതി:27-04-2026 |

പരാമർശം : 1) മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 11/04/2025 ലെ എ.എച്ച്.ഡി/5854/2021-ജെ1 നമ്പർ ഉത്തരവ്.

2) മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 23/02/2026, 16/04/2026 എന്നീ തീയതികളിലെ എ.എച്ച്.ഡി/7444/2023-കെ3 നമ്പർ ഉത്തരവുകൾ.

3) ജി.ഒ.(പി) നമ്പർ 27/2021/ഫിൻ തീയതി 10/02/2021.

**ഉത്തരവ്**

പരാമർശം (2) ഉത്തരവുകൾ പ്രകാരം വകുപ്പിലെ ഹെഡ് ക്ലാർക്ക് തസ്തികയിലെ ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചത് മുഖാന്തരം വകുപ്പിൽ ഹെഡ് ക്ലാർക്ക് തസ്തികയിൽ നാല് (4) ഒഴിവുകൾ നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത ഒഴിവുകളിലേയ്ക്ക് പരാമർശം (1) പ്രകാരമുള്ള സീനിയർ ക്ലാർക്കുമാരുടെ അന്തിമ മുൻഗണന പട്ടികയിൽ ഉൾപ്പെട്ട ഏറ്റവും സീനിയറായ നാല് (4) പേർക്ക് ഉദ്യോഗക്കയറ്റത്തിന് അർഹതയുണ്ട്. 01/08/2021 നിലവെച്ചുള്ള സീനിയർ ക്ലാർക്കുമാരുടെ അന്തിമ മുൻഗണന പട്ടികയിലെ ക്രമനമ്പർ 58 ശ്രീമതി. അർച്ചന മനോഹരൻ വരെയുള്ള ജീവനക്കാർക്ക് ഹെഡ് ക്ലാർക്ക് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചിട്ടുണ്ട്. 01/08/2021 അടിസ്ഥാനമാക്കിയുള്ള സീനിയർ ക്ലാർക്കുമാരുടെ അന്തിമ മുൻഗണന പട്ടികയിലെ ക്രമനമ്പർ 59 മുതലുള്ള ജീവനക്കാർക്കാണ് ഹെഡ് ക്ലാർക്ക് തസ്തികയിലേയ്ക്ക് ഇനി ഉദ്യോഗക്കയറ്റം അനുവദിക്കേണ്ടത്. ആയതിൽ ക്രമ നമ്പർ 60, ശ്രീമതി. ആതിര വി.ബി, ഗവ: സെക്രട്ടറിയേറ്റ് നിയമവകുപ്പിൽ ലീഗൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ നിയമനം ലഭിച്ചതിനെ തുടർന്ന് വകുപ്പിൽ നിന്നും വിടുതൽ ചെയ്തിട്ടുണ്ട്. ഹെഡ് ക്ലാർക്ക് തസ്തികയിൽ ഉദ്യോഗക്കയറ്റം ലഭിയ്ക്കാൻ അർഹരായ ജീവനക്കാർക്കെതിരെ വകുപ്പിൽ വിജിലൻസ് കേസ്സോ മറ്റ് അച്ചടക്ക നടപടികളോ നിലവിലില്ല

മേൽ സാഹചര്യത്തിൽ, മൃഗസംരക്ഷണ വകുപ്പിൽ നിലവിലുള്ള നാല് (4) ഹെഡ് ക്ലാർക്ക് തസ്തികകളിലെ ഒഴിവുകളിലേയ്ക്ക്, പരാമർശം (1) പ്രകാരമുള്ള സീനിയർ ക്ലാർക്കുമാരുടെ അന്തിമ മുൻഗണന പട്ടികയിൽ ഉൾപ്പെട്ട, ചുവടെ പട്ടികയിൽ പേര് ചേർത്തിട്ടുള്ള ഏറ്റവും സീനിയറായ നാല് (4) സീനിയർ ക്ലാർക്കുമാർക്ക് 1958-ലെ കെ.എസ്. & എസ്.എസ്.ആർ ജനറൽ റൂളിലെ 28 (ബി) (ii) റൂൾ പ്രകാരം 39300 - 1000 - 42300 - 1100 - 47800 - 1200 - 52600 - 1300 - 56500 - 1400 -

**60700 - 1500 - 65200 - 1600 - 70000 - 1800 - 79,000 - 2000 - 83000** രൂപ ശമ്പള സ്കെയിലിൽ ഹെഡ് ക്ലാർക്കായി ഉദ്യോഗക്കയറ്റം നൽകി, അപേക്ഷയുടെ അടിസ്ഥാനത്തിലും, ഭരണസൗകര്യാർത്ഥവും പേരിന് നേരെ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനത്തിൽ നിയമിച്ച് കൊണ്ട് ഉത്തരവാകുന്നു.

| ക്രമ നമ്പർ | സീനിയോറിറ്റി ലിസ്റ്റിലെ ക്രമനമ്പർ, ജീവനക്കാരന്റെ / ജീവനക്കാരിയുടെ പേര്, പെൻ | നിലവിൽ ജോലി നോക്കുന്ന സ്ഥാപനം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന സ്ഥാപനം | റിമാർക്ക്സ് |
|---|---|---|---|---|
| **1** | **59,** ശ്രീമതി. സ്മേര കെ.ജി, **262123** | പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രം, നിലമ്പൂർ, മലപ്പുറം. | പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രം, മണ്ണാർക്കാട്, പാലക്കാട്. | ശ്രീമതി. സീന റ്റി.കെ, ഹെഡ് ക്ലാർക്കിന് ഉദ്യോഗക്കയറ്റം അനുവദിച്ചത് മുഖാന്തരം നിലവിൽ വന്ന ഒഴിവിൽ |
| **2** | **61,** ശ്രീമതി. റജീന എസ്, **227501** | മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം. | പ്രാദേശിക കോഴി വളർത്തൽ കേന്ദ്രം, കുടപ്പനക്കുന്ന്, തിരുവനന്തപുരം. | ശ്രീമതി. സീനി റ്റി.എസ്, ഹെഡ് ക്ലാർക്കിന് ഉദ്യോഗക്കയറ്റം അനുവദിച്ചത് മുഖാന്തരം നിലവിൽ വന്ന ഒഴിവിൽ |
| **3** | **62,** ശ്രീമതി. ലയ വസുദേവ്, **435397** | സ്പെഷ്യൽ ലൈവ്സ്റ്റോക്ക് ബ്രീഡിംഗ് പ്രോഗ്രാം ആസ്ഥാന കാര്യാലയം, കുടപ്പനക്കുന്ന്, തിരുവനന്തപുരം. | ജേഴ്സി ഫാം എക്സ്റ്റൻഷൻ യൂണീറ്റ്, ചെറ്റച്ചൽ, തിരുവനന്തപുരം. | ശ്രീ. സുനിൽ പി, ഹെഡ് ക്ലാർക്കിന് ഉദ്യോഗക്കയറ്റം അനുവദിച്ചത് മുഖാന്തരം നിലവിൽ വന്ന ഒഴിവിൽ |
| **4** | **63,** ശ്രീമതി. ജിമി രാജു, **515892** | ജില്ലാ മൃഗസംരക്ഷണ ഓഫീസ്, എറണാകുളം. | പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രം, കട്ടപ്പന, ഇടുക്കി. | ശ്രീമതി. സിമി വി.ജെ, ഹെഡ് ക്ലാർക്കിന് ഉദ്യോഗക്കയറ്റം അനുവദിച്ചത് മുഖാന്തരം നിലവിൽ വന്ന ഒഴിവിൽ |

മേൽപ്പറഞ്ഞ ജീവനക്കാർ ഹെഡ് ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ രണ്ട് (2) വർഷത്തിനുള്ളിൽ ഒരു (1) വർഷത്തെ യോഗ്യസേവനകാലം പ്രൊബേഷനിലായിരിക്കും.

മേൽപ്പറഞ്ഞ പ്രകാരം ഉദ്യോഗക്കയറ്റം അനുവദിച്ചിട്ടുള്ള ജീവനക്കാരെ ഉടനടി വിടുതൽ ചെയ്ത് പ്രസ്തുത വിവരം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഈ ഓഫീസിൽ യഥാസമയം അറിയിക്കേണ്ടതാണ്.

Digitally signed by
SINDHU K
Date: 27-04-2026
13:26:12

**മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ**

<u>സ്വീകർത്താവ് :</u>

1) ബന്ധപ്പെട്ട ജീവനക്കാർക്ക് (നിയന്ത്രണോദ്യോഗസ്ഥൻ മുഖേന).

<u>പകർപ്പ് :</u>

1) എല്ലാ വകുപ്പുതല ഓഫീസർമാർക്കും.

2) ഡയറക്ടറേറ്റിലെ എല്ലാ ഓഫീസർമാർക്കും

3) ഡയറക്ടറേറ്റിലെ എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും.

4) സി.എ (ഡയറക്ടർ / അഡീഷണൽ ഡയറക്ടർ / എസ്.എ.ഒ).

5) ഐ.ടി സെക്ഷൻ (വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

6) ജെ സെക്ഷൻ സൂപ്രണ്ട് / 'ജെ 1' സീറ്റ് (സീനിയോറിറ്റി ലിസ്റ്റിൽ ആവശ്യമായ മാറ്റം വരുത്തുന്നതിന്).

7) കരുതൽ ഫയൽ - കെ 3 സീറ്റ്.